നം : D-1/12874/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 15.03.2017

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം

എല്ലാ ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കും

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ് ഔദ്യോഗിക ഭാഷ മലയാളം - വകുപ്പുകളുടെ ജില്ലാതല മേധാവി അദ്ധ്യക്ഷനായ ജില്ലാതല ഔദ്യോഗികഭാഷ സമിതി നിലനിർത്തി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപന സമിതികൾ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 23.01.2017ലെ സ.ഉ.നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

മേൽ സൂചന പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇക്കാര്യത്തിൽ ഉചിതമായ തുടർ നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

12874

കേരളസർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ് - ഔദ്യോഗിക ഭാഷ മലയാളം- വകുപ്പുകളുടെ ജില്ലാതല മേധാവി അദ്ധ്യക്ഷനായ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി നിലനിർത്തി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപനസമിതികൾ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ്

സ.ഉ.(കൈയെഴുത്ത്)നം.3/2017/ഉഭപവ. തിരുവനന്തപുരം, തീയതി 23.01.2017

പരാമർശം: 1) 12.01.88 ലെ സ.ഉ(കൈ)നം.4/88/ഉഭപവ
2) 9.12.88 ലെ സ.ഉ(കൈ)നം.52/88/ഉഭപവ
3) 09.07.2012 ലെ സ.ഉ(കൈ)നം.34/2012/ഉഭപവ
4) 25.03.14 ലെ സ.ഉ(കൈ)നം.09/2014/ഉഭപവ.
5) 12.12.2014 ലെ സ.ഉ.(കൈ)നം.42/2014/ഉഭപവ.

22 FEB 2017

## ഉത്തരവ്

സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 1 മുതൽ 5 വരെയുള്ള സൂചനകൾ പ്രകാരം നിലവിൽ സർക്കാർ വകുപ്പുകളിലും ഇതര സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ സംബന്ധിച്ച ബഹു.മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗികഭാഷാ ഉന്നതതല സമിതിയും, ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതിയും, വകുപ്പുതല സമിതി, വകുപ്പുതല ഏകോപന സമിതി, ജില്ലാതല ഔദ്യോഗികഭാഷാ സമിതി, എന്നിവയും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

വകുപ്പുകളുടെ ജില്ലാതല മേധാവി അധ്യക്ഷനായ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി രൂപീകരിക്കണമെന്നും യഥാസമയം യോഗം ചേരണമെന്നും സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഔദ്യോഗിക ഭാഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ വകുപ്പുകളുടെ ജില്ലാതല മേധാവി അധ്യക്ഷനായി ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി കൃത്യമായി രൂപീകരിക്കുകയോ, നിർദ്ദേശിച്ച പ്രകാരം യോഗം ചേരുകയോ ചെയ്തിട്ടുള്ളതായി കാണാൻ കഴിഞ്ഞില്ല. ഈ സാഹചര്യങ്ങളിൽ മലയാളം പൂർണ്ണമായും ഭരണഭാഷയാക്കുന്നതു സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനും, ജില്ലാ കളക്ടർ അധ്യക്ഷനായ ഒരു ഏകോപന സമിതി രൂപീകരിച്ച് ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കൂടുതൽ ഗുണകരവും ഫലപ്രദവുമാകുമെന്ന് ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സൂചന 5 പ്രകാരം രൂപീകരിച്ചിട്ടുള്ള വകുപ്പുകളുടെ ജില്ലാതല ഔദ്യോഗികഭാഷാ സമിതി നിലനിർത്തി താഴെപ്പറയുന്ന പ്രകാരം ജില്ലാതല ഏകോപന സമിതി

രൂപീകരിക്കാൻ നിർദ്ദേശിക്കുന്നു.

| സമിതിയുടെ പേര് | അംഗങ്ങൾ | യോഗം ചേരേണ്ട സമയക്രമം |
|---|---|---|
| ഔദ്യോഗിക ഭാഷ സംബന്ധിച്ച **ജില്ലാതല ഏകോപന സമിതി** | ജില്ലാ കളക്ടർ - അദ്ധ്യക്ഷൻ<br><br>ഡെപ്യൂട്ടി കളക്ടർ (ജനറൽ) - കൺവീനർ<br><br>എല്ലാ വകുപ്പിലെയും ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി അധ്യക്ഷൻമാർ- അംഗങ്ങൾ | എല്ലാ വർഷവും മൂന്ന് മാസത്തിലൊരിക്കൽ (ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ) |

ജില്ലാതല ഏകോപന സമിതി അദ്ധ്യക്ഷനായ ജില്ലാ കളക്ടറുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയുംപ്രകാരമായിരിക്കുന്നതാണ്.

(i) ഔദ്യോഗിക ഭാഷാ സംബന്ധിച്ച സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും സർക്കുലറുകളും നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക

(ii) സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് വകുപ്പുതലത്തിലുള്ള ജില്ലാതല ഔദ്യോഗിക ഭാഷാസമിതികൾ രൂപീകരിച്ച് ഓരോ വകുപ്പും ഭാഷാമാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

(iii) വകുപ്പുതലത്തിലുള്ള ജില്ലാതല ഔദ്യോഗിക ഭാഷാസമിതികൾ രണ്ടു മാസത്തിലൊരിക്കൽ കൂടുന്നുവെന്ന് ഉറപ്പുവരുത്തുകയും യോഗത്തിന്റെ നടപടിക്കുറിപ്പുകൾ, ഹാജർ എന്നിവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(iv) ഭാഷാപുരോഗതിയുമായി ബന്ധപ്പെട്ട ത്രൈമാസ റിപ്പോർട്ട് എല്ലാ വകുപ്പുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് അതിന്റെ പകർപ്പ് ഔദ്യോഗിക ഭാഷാവകുപ്പിന് ലഭ്യമാക്കുക.

(v) ഭാഷാമാറ്റ പുരോഗതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ കർമ്മപരിപാടി ഓരോ വകുപ്പും തയ്യാറാക്കി തുടർ പ്രവർത്തനം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുക.

(vi) ജില്ലാതല ഏകോപന സമിതി സർക്കാർ നിർദ്ദേശിച്ച സമയത്തുതന്നെ വിളിച്ചു കൂട്ടേണ്ടതും , അറിയിപ്പ് പത്ത് പ്രവൃത്തി ദിവസം മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകേണ്ടതും, ഔദ്യോഗിക ഭാഷാവകുപ്പിനെ അറിയിക്കേണ്ടതുമാണ്. ഓരോ അംഗവും യോഗ നോട്ടീസ് കൈപ്പറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. യോഗത്തിൽ വകുപ്പുതലവൻമാർ തന്നെ പങ്കെടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും, യോഗത്തിൽ പങ്കെടുക്കാത്ത അംഗങ്ങളുടെ വിശദീകരണം വാങ്ങി അവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

(vii) വകുപ്പുതലത്തിലുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമതികളുടെ പ്രവർത്തനം ഏകോപന സമിതിയോഗത്തിൽ വിലയിരുത്തേണ്ടതും, മലയാളം പൂർണ്ണമായും ഭരണഭാഷയാക്കുന്നതു സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനും ഉള്ള നടപടികൾ

യോഗത്തിൽ സ്വീകരിക്കേണ്ടതുമാണ്.

(viii) ഏകോപന സമിതി യോഗനടപടിക്കുറിപ്പ് യോഗം നടന്ന് ഒരാഴ്ചക്കുള്ളിൽ ഔദ്യോഗിക ഭാഷാ വകുപ്പ് സെക്രട്ടറിക്കും അതതു വകുപ്പ് സെക്രട്ടറിക്കും നിർബന്ധമായും നൽകേണ്ടതാണ്.

(ix) ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട ഫയലുകൾ ആവശ്യമെന്ന് കണ്ടാൽ കളക്ടർക്ക വിളിച്ചുവരുത്തി പരിശോധിക്കാവുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി വിശദീകരണം തേടാവുന്നതുമാണ്.

(x) ഭരണഭാഷ മലയാളമാക്കുക എന്ന സർക്കാർ നയം അതതു ജില്ലയിൽ പൂർണ്ണമായും നടപ്പിൽ വരുത്തേണ്ടതിന്റെ ഉത്തരവാദിത്വം അതതു ഏകോപന സമിതി അധ്യക്ഷൻമാരായ ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ആയതിനാൽ ഇതിലേക്കായുള്ള നടപടികളും നിർദ്ദേശങ്ങളും ഏകോപന സമിതി യോഗങ്ങൾ വഴി വകുപ്പുതലവൻമാർക്ക് നൽകേണ്ടതാണ്.

സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ബോധ്യപ്പെട്ടാൽ ഔദ്യോഗിക ഭാഷാ വകുപ്പിന്റെ പ്രതിനിധിക്ക് ടി സമിതി യോഗത്തിൽ മുന്നറിയിപ്പോട്ടു കൂടിയോ അല്ലാതെയോ പങ്കെടുക്കാവുന്നതാണ്. വകുപ്പുകളുടെ ജില്ലാതല ഔദ്യോഗികഭാഷാ സമിതി അധ്യക്ഷൻമാർ അതതു ജില്ലാ കളക്ടർമാർക്ക് സമിതിയുടെ യോഗ നടപടിക്കുറിപ്പും ഹാജരും, ഭാഷാമാറ്റ പുരോഗതി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്. ഔദ്യോഗിക ഭാഷാ വകുപ്പിന് ലഭ്യമാക്കേണ്ടതില്ല.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം വകുപ്പുകളുടെ ജില്ലാതല മേധാവി അധ്യക്ഷനായ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി നിലനിർത്തി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപന സമിതി രൂപീകരിച്ച് ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.എം.വിജയാനന്ദ്**
**ചീഫ് സെക്രട്ടറി**

ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ അഡീഷണൽ ചീഫ് സെക്രട്ടിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
നിയമസഭാ സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വകുപ്പുതല മേധാവികൾ
ജില്ലാ കളക്ടർമാർ
എല്ലാ വകുപ്പുകളുടേയും ജില്ലാതല/മേഖലാതല ഓഫീസർമാർ (വകുപ്പ് മേധാവി മുഖേന)
വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ